## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3452      14/03/2017 ൽ മറുപടിക്ക്

**ഉമ്മൻ കമ്മിറ്റി റിപ്പോർട്ട്**

| ചോദ്യം: | | മറുപടി : | |
|---|---|---|---|
| ശ്രീ.പി.വി. അൻവർ | | ശ്രീ.പിണറായി വിജയൻ (ബഹു.മുഖ്യമന്ത്രി) | |
| (എ) | ഉമ്മൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർമാരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്താനുള്ള നടപടി ക്രമങ്ങൾ ഏത് വരെയായെന്ന് വിശദീകരിക്കാമോ; | (എ) | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിന് ഉമ്മൻ കമ്മിറ്റി ശിപാർശ ചെയ്തിട്ടില്ല. |
| (ബി) | EARAS (Establishment of an Agency for reporting of Agricultural Statistics) പദ്ധതികൾക്കുള്ള മുഴുവൻ ചെലവുകളും (നിയമനങ്ങൾ ഉൾപ്പെടെ) കേന്ദ്രവിഹിതമാണോ; വിശദമാക്കാമോ; | (ബി) | ഇ.എ.ആർ.എ.എസ് പദ്ധതി. 100% സെൻട്രൽ സെക്ടർ സ്കീം ആണ്. ഈ പദ്ധതിയുടെ കീഴിൽ വരുന്ന എല്ലാ ചെലവുകളും കേന്ദ്ര വിഹിതത്തിൽ നിന്നാണ് വഹിക്കുന്നത്. കാർഷിക സ്ഥിതി വിവരക്കണക്ക് ശേഖരിക്കുക എന്നതാണ് ടി പദ്ധതി നടത്തിപ്പുകൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) | EARAS-ൽ നിലവിൽ എത്ര നിയമനങ്ങൾ നടത്താനാണ് ശിപാർശ ചെയ്യപ്പെട്ടിട്ടുള്ളത്; നിയമനം നടത്തുന്നതിന്റെ നടപടിക്രമങ്ങൾ ഏതു വരെയായെന്ന് വിശദമാക്കാമോ; | (സി) | EARAS-മായി ബന്ധപ്പെട്ട് 103 തസ്തികകൾ സൃഷ്ടിക്കുന്നതിനാണ് ഡയറക്ടർ ജനറൽ ശിപാർശ ചെയ്തിട്ടുള്ളത്. തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ സർക്കാർ പരിശോധിച്ചുവരികയാണ്. |

| | | | |
|---|---|---|---|
| (ഡി) | പതിമൂന്നാം പഞ്ചവത്സര പദ്ധതിക്ക് BSLD (Basic Statistics for Local Level Development) എന്നാണ് പ്രവർത്തനം തുടങ്ങിയത് എന്ന് വിശദമാക്കാമോ; ഏത് വരെയായെന്നും എത്ര ഫണ്ട് ചെലവഴിച്ചു എന്നും വിശദമാക്കാമോ; | (ഡി) | 13-ാം പഞ്ചവൽസര പദ്ധതിയുമായി ബന്ധപ്പെട്ട് BSLD 17.11.2016 മുതൽ പ്രവർത്തനമാരംഭിച്ചു. ഇതിൻപ്രകാരം തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ 27.01.2017 നും തൃശ്ശൂർ ജില്ലയിൽ 28.01.2017 നും കോഴിക്കോട് ജില്ലയിൽ 31.01.2017 തീയതിയിൽ നാല് മേഖലകളിലായി വകുപ്പിലെ ജീവനക്കാർക്ക് പ്രാദേശിക തലത്തിൽ ലഭ്യമായ സ്ഥിതിവിവരക്കണക്കുകളെയും അവ ലഭ്യമാകുന്ന സ്രോതസ്സും സംബന്ധിച്ച് പരിശീലനം നൽകുകയും പരിശീലന പരിപാടികൾക്കായി 3,08,000/- രൂപ അനുവദിക്കുകയും 2,30,000/- രൂപ മുൻകൂറായി നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | മലപ്പുറം ജില്ലയിലെ എൽ.ഡി.സി നിയമനങ്ങളും സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ നിയമനങ്ങളും കൃത്യമായി പി.എസ്.സി യിലേക്ക് റിപ്പോർട്ട് ചെയ്യുന്നില്ലെന്നും നിയമനങ്ങൾ വേഗത്തിലല്ലെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | മലപ്പുറം ജില്ലയിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഒഴിവുകൾ പി.എസ്. സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ